| Email:<br><br>contact.seckerala@gmail.com<br><br>cru.sec@kerala.gov.in | **വാർത്താക്കുറിപ്പ്** | TELEPHONE: 0471-2328158<br>MOBILE : 8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 30th May 2023 |


## 19 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിൽ 76.51 % പോളിംഗ്

സംസ്ഥാനത്ത് ഇന്ന് (30.05.2023) നടന്ന 19 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിൽ 76.51 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. 11,457 പുരുഷന്മാരും 13,047 സ്ത്രീകളും ഉൾപ്പെടെ ആകെ 24,504 വോട്ടർമാരാണ് വോട്ട് ചെയ്തത്.

വോട്ടെണ്ണൽ നാളെ (മെയ് 31) രാവിലെ 10 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ നടക്കും. ഫലം കമ്മീഷന്റെ www.lsgelection.kerala.gov.in സൈറ്റിലെ TREND ൽ അപ്പോൾ തന്നെ ലഭ്യമാകും.

ഒൻപത് ജില്ലകളിലായി രണ്ട് കോർപ്പറേഷൻ, രണ്ട് മുനിസിപ്പാലിറ്റി, 15 ഗ്രാമപഞ്ചായത്ത് വാർഡുകളിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. ആകെ 60 സ്ഥാനാർത്ഥികളാണ് ജനവിധി തേടിയത്. വോട്ടെടുപ്പ് സമാധാനപരമായിരുന്നു.

പോളിംഗ് ശതമാനം - ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് നമ്പരും പേരും, (ശതമാനം) ക്രമത്തിൽ

| | | |
|---|---|---|
| തിരുവനന്തപുരം | - | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ 18.മുട്ടട (47.58), |
| | | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ 10.കാനാറ (79.94) |
| കൊല്ലം | - | അഞ്ചൽ ഗ്രാമപഞ്ചായത്തിലെ 14.തഴമേൽ (74.61) |
| പത്തനംതിട്ട | - | മൈലപ്ര ഗ്രാമപഞ്ചായത്തിലെ 05.പഞ്ചായത്ത് വാർഡ് (68.56) |
| ആലപ്പുഴ | - | ചേർത്തല മുനിസിപ്പൽ കൗൺസിലിലെ 11.മുനിസിപ്പൽ ഓഫീസ് (79.86) |
| കോട്ടയം | - | കോട്ടയം മുനിസിപ്പൽ കൗൺസിലിലെ 38.പുത്തൻതോട് (74.23), |
| | | മണിമല ഗ്രാമപഞ്ചായത്തിലെ 06.മുക്കട (68.31), |
| | | പൂഞ്ഞാർ ഗ്രാമപഞ്ചായത്തിലെ 01.പെരുന്നിലം (75.35) |
| എറണാകുളം | - | നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ 06.തുളുശ്ശേരിക്കവല (80.2) |
| പാലക്കാട് | - | പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ 08.ബമ്മണ്ണൂർ (77.58), |
| | | മുതലമട ഗ്രാമപഞ്ചായത്തിലെ 17.പറയമ്പള്ളം (88.53), |
| | | ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ 10.അകലൂർ ഈസ്റ്റ് (83.07), |
| | | കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ 03.കല്ലമല (80.63), |
| | | കരിമ്പ ഗ്രാമപഞ്ചായത്തിലെ 01.കപ്പടം (70.14) |
| കോഴിക്കോട് | - | ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ 07-ചേലിയ ടൗൺ (84.84), |

| | | |
|---|---|---|
| | | പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 05.കണലാട് (77.39), |
| | | വേളം ഗ്രാമപഞ്ചായത്തിലെ 11.കുറിച്ചകം (83.8) |
| കണ്ണൂർ | – | കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ 14.പള്ളിപ്രം (73.52), |
| | | ചെറുതാഴം ഗ്രാമപഞ്ചായത്തിലെ 16.കക്കോണി (85.64) |

(എസ്.ഇ.സി. 13/2023)